GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/07/2026

1) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കിസാൻ സർവീസ് സൊസൈറ്റി (NGO), സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ വയനാട് ഹിൽസ് ഫാമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി സംഘടിപ്പിക്കുന്ന അവക്കാഡോ ഫെസ്റ്റ് & ഇൻവെസ്റ്റേഴ്സ് മീറ്റ് 2026 ജൂലൈ 31 ന് സുൽത്താൻ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് ഉൽഘാടനം ചെയ്യുന്നു. 2026 ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിലായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

2) കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ

വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund - AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി സെപ്റ്റംബർ 30 വരെ** ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ

വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

3) റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി.) ഉണക്ക റബ്ബറിൽ നിന്നുള്ള ഉത്പന്ന നിർമ്മാണത്തിൽ അഞ്ചുദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർ കോമ്പൗണ്ടിങ്; പ്രോസസ്സ്കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ&മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിശീലനം ഇന്ന് 2026 ജൂലൈ 27 മുതൽ 31വരെ നടത്തും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ് ആപ്പ്

നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in

4) കേരള ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിന്റെ കീഴിലുള്ള കാസർഗോഡ് അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് (ASAP Community Skill Park) ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) അംഗീകരിച്ച സർട്ടിഫൈഡ് ഡ്രോൺ പൈലറ്റ് ട്രെയിനിംഗ് ആരംഭിക്കുന്നു. 7 ദിവസത്തെ അഗ്രികൾച്ചർ ഡ്രോൺ പൈലറ്റ് പരിശീലനായി പത്താം ക്ലാസ് പാസ് യോഗ്യതയുള്ള 18നും – 65 വയസിനും ഇടയിൽ പ്രായമുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. ട്രെയിനിംഗ് ഫീസ്: ₹29,999/- രൂപാ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും എന്ന ഫോൺ നമ്പരിൽ 9447 326 319 ബന്ധപ്പെടാം.

5. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കലിന്റെ ഭാഗമായി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു. ഈ ഘടകത്തിൽ ഒരു

ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

a) ഡ്രാഗൺ ഫ്രൂട്ടിന്റെ്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 2.70 ലക്ഷം രൂപ രണ്ട് വർഷകാലയളവിലായി ധനസഹായം നൽകുന്നു.
b) സ്ട്രോബറിയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 80,000/- രൂപ ധനസഹായം നൽകുന്നു.
c) പാഷൻ ഫ്രൂട്ടിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 1,10,000/- രൂപ ധനസഹായം 60:40 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി നൽകുന്നു.
d) വാഴയുടെയും കൈതചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 44,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

e) ടിഷ്യുകൾച്ചർ വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 70,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

f) പപ്പായയുടെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായമായ 30,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി 80 % അതിജീവന നിരക്കിന് വിധേയമായി നൽകുന്നു.

g) അവാക്കാഡോ, റംബൂട്ടാൻ, മാംഗോസ്റ്റീൻ, എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80% അതിജീവന നിരക്കിന് വിധേയമായി, പപ്പായ, പ്ലാവ്, കുടംമ്പുളി എന്നി ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 30,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80ശതമാനമായ അതിജീവന നിരക്കിന് വിധേയമായി, മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ

40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും രണ്ടു വർഷങ്ങളിലായി 80% അതിജീവന നിരക്കിന് വിധേയമായി ധനസഹായം നൽകുന്നു.

h) മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ അതി സാന്ദ്രതാ കൃഷിക്കായി നടീൽ വസ്തുക്കൾക്കും മറ്റ് ഉത്പാദനോപാദികൾക്കും വേണ്ടിയുള്ള ചെലവ് കണക്കിലെടുത്ത് 2 ഹെക്ടർ വരെയുള്ള സ്ഥലത്ത് 60:40 എന്ന നിരക്കിൽ 2 ഗഡുക്കളായി ലഭിക്കും.

i) അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000/- രൂപ ധനസഹായം നൽകും.

j) ഓപ്പൺ പോളിനേറ്റഡ് ഉള്ളിയുടേയും വെളുത്തുള്ളിയുടേയും കൃഷിക്കായി 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് പരമാവധി 40000 രൂപ വരെ ഒറ്റ ഗഡുവായി ലഭിക്കും.

k) കട്ട്ഫ്ളവർ (ഓർക്കിഡ്, ആന്തൂറിയം മുതലായ ) കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/-രൂപയും ധനസഹായം നൽകുന്നു.

l) ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/- രൂപയും, കുരുമുളക്, ജാതി മുതലായ ബഹു വർഷ സുഗന്ധ വിളകൾക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/-രൂപയും ധനസഹായം നൽകുന്നു.

m) കൃഷി ചെലവ് കൂടിയ വെറ്റില, റോസ്, റോസ് മേരി, ട്യൂബറോസ്, ജെറേനിയം, ചന്ദനം, മുല്ല മുതലായവ സുഗന്ധ തൈല വിളകളുടെ കൃഷിയ്ക്ക് 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.25 ലക്ഷം രൂപയുടെ 40% എന്ന കണക്കിൽ ധനസഹായം നൽകുന്നു. മറ്റ് സുഗന്ധതൈലവിളകൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകും.

n) ഔഷധ സസ്യ വിളകളുടെ കൃഷിക്കായി 2 ഹെക്ടർ വരെ, ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.5 ലക്ഷം രൂപയുടെ 40% സഹായം പരമാവധി 60,000/-രൂപ, **നടീൽ വസ്തുക്കളുടെ ചെലവ്** വഹിക്കുന്നതിനായി ലഭിക്കും.

o) കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000 രൂപ 60:40 എന്ന അനുപാതത്തിൽ 80%

അതിജീവന നിരക്കിന് വിധേയമായി രണ്ട് വർഷങ്ങളിലായി നൽകുന്നു.

മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.